**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4055** **03-03-2023 - ൽ മറുപടിയ്ക്ക്**

**മരുന്നിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ മരുന്ന് ദൗർലഭ്യം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം എന്താണെന്ന് വിശദമാക്കുമോ; | (എ) | കോവിഡിനുശേഷം സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന രോഗികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് മൂലം ചില ആശുപത്രികളിൽ ചില മരുന്നുകളുടെ ലഭ്യതയിൽ ഉണ്ടായ ഏറ്റക്കുറച്ചിലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് മറികടക്കുന്നതിനായി 100% മരുന്നു കൈപ്പറ്റുന്ന സ്ഥാപനങ്ങളിൽ 25% കൂടുതൽ നൽകിക്കൊണ്ടും, ജില്ലാതല/സ്ഥാപനതല മരുന്ന് കൈമാറ്റം (Inter warehouse transfer/ Inter institution transfer) നടത്തിയും പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>മാത്രമല്ല, ഒരേ അസുഖത്തിന് ഉപയോഗിക്കാവുന്ന വിവിധതരം മരുന്നുകളിൽ ഏതെങ്കിലും ഒന്ന് ഇല്ലാതായാൽ അതേ വിഭാഗത്തിൽപ്പെട്ട മറ്റു മരുന്നുകൾ ഉപയോഗിക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം ഇത്തരം മരുന്നുകളുടെ അപര്യാപ്തത പരിഹരിച്ചിട്ടുണ്ട്. |
| (ബി) | തിരുവനന്തപുരം ജനറൽ ആശുപത്രി, പേരൂർക്കട ജില്ല ആശുപത്രി എന്നിവിടങ്ങളിൽ മരുന്നുകൾക്ക് ദൗർലഭ്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | കോവിഡിനുശേഷം സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന രോഗികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് മൂലം ചില ആശുപത്രികളിൽ ചില മരുന്നുകളുടെ ലഭ്യതയിൽ ഉണ്ടായ ഏറ്റക്കുറച്ചിലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് മറികടക്കുന്നതിനായി 100% മരുന്നു കൈപ്പറ്റുന്ന സ്ഥാപനങ്ങളിൽ 25% കൂടുതൽ നൽകിക്കൊണ്ടും, ജില്ലാതല/സ്ഥാപനതല മരുന്ന് കൈമാറ്റം (Inter warehouse transfer/ Inter institution transfer) നടത്തിയും പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>മാത്രമല്ല, ഒരേ അസുഖത്തിന് ഉപയോഗിക്കാവുന്ന വിവിധതരം മരുന്നുകളിൽ ഏതെങ്കിലും ഒന്ന് ഇല്ലാതായാൽ അതേ വിഭാഗത്തിൽപ്പെട്ട മറ്റു മരുന്നുകൾ ഉപയോഗിക്കുന്നതിനായി നിർദ്ദേശം |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. ഇപ്രകാരം ഇത്തരം മരുന്നുകളുടെ അപര്യാപ്തത പരിഹരിച്ചിട്ടുണ്ട്. |
| (സി) | പാന്റാപ്രസോൾ, അസിക്ളോഫിനാക്, ആന്റിബയോട്ടിക്കായ സെഫോടാക്ക്സിം, അവയവ മാറ്റിവെക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായിട്ടുള്ളവർക്കുള്ള പാൻഗ്രാഫ്, മോഫിറ്റൽ 500എം.ജി. തുടങ്ങിയ മരുന്നുകൾക്ക് ദൗർലഭ്യം ഉണ്ടോയെന്ന് വിശദമാക്കുമോ; | (സി) | പാന്റോപ്രസോൾ, അസെക്ലോഫെനാക്, ആന്റിബയോട്ടിക്കായ സെഫോടാക്സിം തുടങ്ങിയ മരുന്നുകൾ പല സർക്കാർ ആശുപത്രികളിലും ഇൻഡന്റിനെക്കാൾ 25% അധികം ലഭ്യമാക്കിയിട്ടുണ്ട്.<br><br>എന്നാൽ അവയവ മാറ്റിവെക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായിട്ടുള്ളവർക്കുള്ള ടാക്രോളിമസ് കാപ്സ്യൂൾ, മൈക്കോഫെനൊലേറ്റ് മൊഫെറ്റിൽ 500 എം.ജി. തുടങ്ങിയ മരുന്നുകൾ സ്പെഷ്യാലിറ്റി മരുന്ന പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. ഇത്തരം മരുന്നുകൾ സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യമുള്ള സർക്കാർ മെഡിക്കൽകോളേജുകൾ, സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യമുള്ള ജില്ലാ/ജനറൽ ആശുപത്രികൾ എന്നിവിടങ്ങളിലാണ് ഇൻഡന്റിന് അനുസൃതമായി നൽകി വരുന്നത്. ആയതിനാൽ തന്നെ അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായിട്ടുള്ള രോഗികൾക്ക് നല്കിവരുന്ന ഇത്തരം വിലകൂടിയ മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ മുഖേന കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കി വരുന്നു. |
| (ഡി) | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മരുന്ന് വിതരണ ഏജൻസികൾക്ക് എത്ര രൂപയാണ് കുടിശിക നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മരുന്ന് വിതരണ ഏജൻസികൾക്ക് നൽകുന്നതിനായി അവശ്യമരുന്ന് വിഭാഗത്തിൽ 313 കോടി രൂപയും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വിഭാഗത്തിൽ 151 കോടി രൂപയും കുടിശ്ശികയായുണ്ട്. |

സെക്ഷൻ ഓഫീസർ